ഇ.എക്സ്(3) 88/2026 17.01.26

# സംസ്ഥാന സഹകരണ യൂണിയൻ, കേരള
# തിരുവനന്തപുരം

## കേന്ദ്ര പരീക്ഷാബോർഡ് വിജ്ഞാപനം

2025 ജൂൺ 2-ാം തീയതി ആരംഭിച്ച ജെ.ഡി.സി. കോഴ്സിന്റെ 2022 സ്കീം പരീക്ഷ, 2015 സ്കീം പരീക്ഷകൾ 2026 ഏപ്രിൽ 1,6,8,10,13,16,17,20 എന്നീ തീയതികളിൽ അതാത് സഹകരണ പരിശീലന കേന്ദ്രങ്ങൾ/കോളേജുകളിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.

പരീക്ഷ സംബന്ധിച്ച മറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രസ്തുത പരീക്ഷയുടെ അപേക്ഷയും, പരീക്ഷാ ഫീസും 2026 മാർച്ച് 2 മുതൽ സ്വീകരിക്കുന്നതാണ്.

2. വിദ്യാർത്ഥികൾ പരീക്ഷാഫീസിനത്തിൽ പേപ്പറൊന്നിന് 300/- രൂപ ക്രമത്തിൽ 8 പേപ്പറിന് 2400/- രൂപയും രജിസ്ട്രേഷൻ ഫീസായി 300/- രൂപയും ഉൾപ്പെടെ ആകെ 2700/- രൂപ അതാത് കേന്ദ്രം/കോളേജുകളിൽ അടയ്ക്കേണ്ടതാണ്.

3. 2026 മാർച്ച് 6 വരെ പിഴയില്ലാതെയും 50/- രൂപ പിഴയോടു കൂടി 2026 മാർച്ച് 10 വരെയും സ്വീകരിക്കുന്നതാണ്.

4. പരീക്ഷാർത്ഥിയുടെ ആറുമാസത്തിനകം എടുത്തിട്ടുളള പാസ്പോർട്ട് സൈസ് ഫോട്ടോയിൽ ഒരെണ്ണം അപേക്ഷാ ഫോറത്തിൽ വ്യക്തമാക്കിയിട്ടുളള നിശ്ചിത സ്ഥലത്ത് പതിച്ച് ഓഫീസ് സീൽ പതിപ്പിക്കേണ്ടതും, ഒരു ഫോട്ടോ കോളേജിൽ സൂക്ഷിക്കേണ്ടതും, ഹാൾടിക്കറ്റ് വിതരണം ചെയ്യുമ്പോൾ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി നൽകേണ്ടതുമാണ്.

5. പ്രൈവറ്റ് വിദ്യാർത്ഥികൾ മുകളിൽ പറഞ്ഞത് കൂടാതെ ഒരു ഫോട്ടോ കൂടി അപേക്ഷയോടൊപ്പം കേന്ദ്രം/കോളേജിൽ സമർപ്പിക്കേണ്ടതാണ്. ഹെഡ് ഓഫീസിലേയ്ക്ക് അപേക്ഷയോടൊപ്പം ഫോട്ടോ അയക്കേണ്ടതില്ല. ആയതിനു പകരം അതാത് കേന്ദ്രങ്ങളിൽ/കോളേജിൽ തന്നെ സൂക്ഷിച്ച് ഈ ആഫീസിൽ നിന്നും അയച്ചു തരുന്ന ഫോട്ടോ ഐഡന്റിഫിക്കേഷൻ ഫോറത്തിൽ പതിച്ച് വിദ്യാർത്ഥികളുടെ ഒപ്പ് രേഖപ്പെടുത്തി ഉത്തരക്കടലാസ്സിനോടൊപ്പം അയക്കേണ്ടതാണ്.

6. പഠിച്ച സെന്ററിൽ നിന്നും പരീക്ഷാ കേന്ദ്രം മാറ്റി ആവശ്യപ്പെടുന്ന പ്രൈവറ്റ് വിദ്യാർത്ഥികളുടെ 3 ഫോട്ടോകളിൽ ഒരു ഫോട്ടോ പരീക്ഷ എഴുതുന്ന കേന്ദ്രത്തിലേയ്ക്ക് അയയ്ക്കേണ്ടതാണ്. അപ്രകാരം പരീക്ഷാ കേന്ദ്രം മാറ്റി ആവശ്യപ്പെടുന്ന പ്രൈവറ്റ് വിദ്യാർത്ഥികളുടെ വിശദവിവരം പരീക്ഷ എഴുതേണ്ട കേന്ദ്രത്തിൽ അറിയിക്കേണ്ടതുമാണ്.

7. റഗുലർ വിദ്യാർത്ഥികൾക്ക് സെന്റർമാറ്റം അനുവദിക്കുന്നതല്ല.

8. പേര് തെളിയിക്കുന്നതിനും പരിശോധിക്കുന്നതിനുമായി പരീക്ഷാർത്ഥിയുടെ എസ്.എസ്.എൽ.സി. ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. പ്രൈവറ്റ് വിദ്യാർത്ഥികൾ അവർ ഏറ്റവും ഒടുവിൽ എഴുതിയ ജെ.ഡി.സി. പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പും കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

9. നിശ്ചിത അപേക്ഷകളും, അനുബന്ധ രേഖകളും സഹകരണ പരിശീലന കേന്ദ്രം/കോളേജുകളിൽ നിന്നും ഹെഡ്ഡാഫീസിൽ ലഭിക്കേണ്ട അവസാന തീയതി 12.03.2026 ആണ്.

സെക്രട്ടറി.
കേന്ദ്ര പരീക്ഷാബോർഡ്

ഡെപ്യൂട്ടി രജിസ്ട്രാർ/പ്രിൻസിപ്പാൾ
സഹകരണ പരിശീലന കേന്ദ്രങ്ങൾ (എല്ലാം)

പകർപ്പ് - 1) സഹകരണ സംഘം രജിസ്ട്രാർ, കേരള (ഉപരിപത്രം സഹിതം)
2) ചെയർപേഴ്സൺ, സെക്രട്ടറി, ജനറൽ മാനേജർ എന്നിവരുടെ മേശപ്പുറങ്ങളിൽ.
3) എല്ലാ പരീക്ഷാ ബോർഡ് അംഗങ്ങൾക്കും (ഉപരിപത്രം സഹിതം)
4) എല്ലാ ആഫീസർമാർക്കും.
5) എല്ലാ സഹകരണ വിദ്യാഭ്യാസ ഇൻസ്ട്രക്ടർമാർക്കും.
6) റ്റി.ആർ, ബിൽ, എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ.
7) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
8) കരുതൽ ഫയൽ.

ഡി.17.01.26.